ശ്രീ. കെ. അവുക്കാദർകുട്ടിനഹ: ഏതെല്ലാം സംസ്ഥാനങ്ങളിൽ സംവിധാനങ്ങളുണ്ട് എന്നുള്ളതിനെപ്പറ്റി എനിക്ക് മുഴുവൻ പറയാൻ കഴിയില്ല. ചില സംസ്ഥാനങ്ങളിൽ ഉണ്ട്. ഈ സംവിധാനങ്ങൾക്കു വേണ്ടി സംസാരിച്ചത് കേരളഗവൺമെൻറിലെ ആദ്യത്തെ ഹജ്ജ് മന്ത്രിയായിരുന്ന ശ്രീ. സി. എച്ച്. മുഹമ്മദുകോയ ആണ്. ഇതിൻെറ അടിസ്ഥാനത്തിൽ അന്തിമമായ തീരുമാനമുണ്ടായിട്ടില്ല. വീണ്ടും സംഭാഷണം നടത്താൻ ആഗ്രഹിക്കുകയാണ്.

പാഠപുസ്തകങ്ങൾ

* 27 [31] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ:
,, എ. കെ. പത്മനാഭൻ:
,, എം. ജിനദേവൻ:
,, ടി. കെ. അബ്ദു:
,, വി. എസ്. ചന്ദ്രശേഖരൻപിള്ള: താഴെക്കാണുന്ന [illegible] വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയനവർഷത്തിലെ ഒരു ടേം കഴിഞ്ഞിട്ടും പാഠപുസ്തകങ്ങൾ പലതും ഇനിയും വിദ്യാർത്ഥികൾക്ക് ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ക്ലാസുകളിലെ ഏതെല്ലാം പുസ്തകങ്ങളാണ് വിതരണം ചെയ്യപ്പെടേണ്ടതായിട്ടുള്ളത്;

(സി) പാഠപുസ്തകങ്ങളുടെ വിതരണത്തിൽ കാലതാമസം ഉണ്ടാകാനുള്ള കാരണമെന്താണ്?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): (എ) ഉണ്ട്.

(ബി) പുതുക്കിയ സിലബസ് അനുസരിച്ച് 9-ാം ക്ലാസിൽ 12 ഇനവും 6-ാം ക്ലാസിൽ 5 ഇനവും പുസ്തകങ്ങളാണ് വിതരണം ചെയ്യപ്പെടേണ്ടതായിട്ടുള്ളത്.

ഒമ്പതാം ക്ലാസിൽ വിതരണം ചെയ്യേണ്ട 12 ഇനം പുസ്തകങ്ങൾ താഴെ പറയുന്നവയാണ്.

(1) എലിമെൻറ്സ് ഓഫ് എക്കണോമിക്സ് (മലയാളം മീഡിയം)
(2) എലിമെൻറ്സ് ഓഫ് എക്കണോമിക്സ് (ഇംഗ്ലീഷ് മീഡിയം)
(3) ഫിസിക്സ് (കന്നട)
(4) ഫിസിക്സ് (തമിഴ്)
(5) കെമിസ്ട്രി (കന്നട)
(6) ബയോളജി (തമിഴ്)
(7) ഏർലി ആൻറ് മീഡീവൽ ഇന്ത്യ (തമിഴ്)
(8) ജ്യോഗ്രഫി (തമിഴ്)
(9) മാത്തമാറ്റിക്സ് (തമിഴ്)
(10) മാത്തമാറ്റിക്സ് (തമിഴ്)
(11) എലിമെൻറ്സ് ഓഫ് എക്കണോമിക്സ് (തമിഴ്)
(12) എലിമെൻറ്സ് ഓഫ് എക്കണോമിക്സ് (തമിഴ്)

LIBRARY ARCHIVES Kerala Legislative Assembly

ആറാം ക്ലാസിൽ വിതരണം ചെയ്യേണ്ട ഇനം പുസ്തകങ്ങൾ താഴെ പറയുന്നവയാണ്:

(1) സോഷ്യൽ സയൻസ് (ഇംഗ്ലീഷ്)
(2) സോഷ്യൽ സയൻസ് (തമിഴ്)
(3) ബേസിക് സയൻസ് (കന്നട)
(4) ബേസിക് മാത്മാറ്റിക്സ് (കന്നട)
(5) ബേസിക് മാത്മാറ്റിക്സ് (തമിഴ്)

(സി) പുതിയ പുസ്തകങ്ങൾ മിക്കതും അച്ചടിക്കുന്നതിന് സർക്കാർ ഉടമയിലുള്ള തൃക്കാക്കര ടെക്സ്റ്റ് ബുക്ക് പ്രസ്സിനെയാണ് ചുമതല പ്പെടുത്തിയത്. ടി പ്രസ്സിലെ തൊഴിൽ കുഴപ്പങ്ങളും വൈദ്യുതി തകരാറുകളും അച്ചടിയെ പ്രതികൂലമായി ബാധിച്ചു.

കോലിയക്കോട് എൻ. കൃഷ്ണൻ നായർ: എനിക്ക് ഇവിടെ വായിച്ചതിന്റെ ലിസ്റ്റ് തന്നിട്ടില്ല. തരേണ്ടതാണ്. ഞാനാണ് ആദ്യത്തെ ചോദ്യകർത്താവ്. ഇക്കൊല്ലം ഏതെല്ലാം ക്ലാസുകളിലെ ഏതെല്ലാം പാഠ പുസ്തകങ്ങളാണ് മാറാം വന്നിട്ടുള്ളതെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാമോ?

ശ്രീ. ടി. എം. ജേക്കബ്: ഒന്നാം ക്ലാസിലെയും ആറാം ക്ലാസിലെയും ഒമ്പതാം ക്ലാസിലെയും പാഠപുസ്തകങ്ങൾക്കാണ് മാറാമുള്ളത്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: പാഠപുസ്തകങ്ങളുടെ വില താങ്ങാനാകാത്തതാണ് എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ അതിന്റെ വില കുറയ്ക്കുവാൻ ഗവൺമെന്റിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ കഴിയുമോ?

ശ്രീ. ടി. എം. ജേക്കബ്: മിക്ക പുസ്തകങ്ങൾക്കും ഗവൺമെന്റ് വില കുറച്ചുകൊടുത്തിരിക്കുകയാണ്. ഈ വർഷത്തിൽത്തന്നെ പുതുക്കിയ പുസ്തകങ്ങൾക്ക് സബ്സിഡിയായിട്ട് ഏകദേശം ഒരുകോടിരൂപ ഗവൺമെന്റ് നൽകിയിട്ടുണ്ട്. ഒരു കോടിരൂപ ഗവൺമെന്റ് നഷ്ടം സഹിച്ചുകൊണ്ടാണ് കുട്ടികൾക്കു പുസ്തകം വിതരണം ചെയ്തിരിക്കുന്നത്. അത് ഈ വർഷം മാത്രമായിട്ടാണ്.

ശ്രീ. എ. കെ. പത്മനാഭൻ: 9-ാം ക്ലാസിൽ മാത്മാറ്റിക്സിൽ തമിഴ് മീഡിയം മാത്രമാണ് കിട്ടാതിരിക്കുന്നതെന്ന് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. മലയാളം മീഡിയം മാത്മാറ്റിക്സ് ഇതുവരെ സ്കൂളുകളിൽ എത്തിയിട്ടില്ലെന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: എന്റെ കൈയിലുള്ള ഔദ്യോഗിക കണക്കനുസരിച്ച് മാത്മാറ്റിക്സ് മലയാളം വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. എ. കെ. പത്മനാഭൻ: അടുത്ത വർഷം എസ്. എസ്. എൽ. സി. ക്ലാസുകളിലെ പുസ്തകങ്ങൾ മാറുകയാണ്. ഒരു ടേം കഴിഞ്ഞിട്ടും ഈ വർഷത്തെ പുസ്തകങ്ങൾ ഇതുവരെ കിട്ടിയിട്ടില്ല. ഇന്നത്തെ ഈ ബുദ്ധിമുട്ട് കണക്കിലെടുത്ത് അടുത്ത വർഷം മാറുന്ന പുസ്തകങ്ങൾ നേരത്തേതന്നെ വിതരണം ചെയ്യാനുള്ള ഏർപ്പാടുണ്ടാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: അടുത്തവർഷം 10-ാം ക്ലാസിലെ പുസ്തകങ്ങളും മാറുകയാണ്. അത് മാർച്ച് മാസംതന്നെ നൽകത്തക്കനിലയിലുള്ള ക്രമീകരണങ്ങളും ചെയ്തിട്ടുണ്ട്. മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച മറ്റൊരു സംഗതി പുസ്തകങ്ങളും കിട്ടാത്തതുകൊണ്ട് കുട്ടികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളെപ്പറ്റിയാണ്. തമിഴ്, കന്നട ഭാഷകളിലുള്ള പുസ്തകങ്ങളാണ് നമുക്ക് പുറത്തിറക്കാൻ കഴിയാതെ വന്നിരിക്കുന്നതെന്ന് ഞാൻ നേരത്തേ ഇവിടെ സൂചിപ്പിച്ചു. ഏതെങ്കിലും ഒരു ഭാഷയിൽ പുസ്തകങ്ങളും എല്ലാ സ്കൂളുകളിലും ആദ്യ ടേമിന്റെ ആദ്യമാസംതന്നെ എത്തിച്ചുകൊടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ കുട്ടികളുടെ കൈയിലും പുസ്തകമില്ലയെന്നതൊഴിച്ചാൽ അദ്ധ്യാപകർക്ക് പഠിപ്പിക്കാൻ ഒരു ബുദ്ധിമുട്ടുമുണ്ടായിട്ടില്ല.

ശ്രീ. എം. ജിനദേവൻ: സിലബസ് അനുസരിച്ച് കഴിഞ്ഞവർഷം മാറ്റമുണ്ടായിരുന്നത് അഞ്ചും എട്ടും ക്ലാസുകളിലെ പുസ്തകങ്ങളാണ്. അതിന്റെ അച്ചടി അദ്ധ്യയനവർഷം പൂർത്തിയാകുന്നതോടുകൂടി ആണ് പൂർത്തിയായത്. ഈ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഈ വർഷം നേരത്തേ ആറും ഒമ്പതും സ്റ്റാൻഡാർഡുകളിലെ പുസ്തകങ്ങളും അച്ചടിക്കാൻ എന്തുകൊണ്ടാണ് നടപടികൾ സ്വീകരിക്കാതിരുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. ടി. എം. ജേക്കബ്: നടപടികൾ സ്വീകരിച്ചിരുന്നതാണ്. ടെക്സ്റ്റ്ബുക്ക് പ്രിന്റ് ചെയ്യുന്നത് തൃക്കാക്കര ടെക്സ്റ്റ് ബുക്ക് പ്രിന്റിംഗ് പ്രസ്സാണ്. ഈ ആവശ്യത്തിനുവേണ്ടി മാത്രമാണ് ഈ പ്രസ്സ് ഉപയോഗിക്കുന്നത്. ഞാൻ ആറേഴ് കോൺഫറൻസുകൾ ഔദ്യോഗികതലത്തിൽ നടത്തിയിട്ടുണ്ട്. ഞാൻതന്നെ മൂന്നുനാല് പ്രാവശ്യം ഈ ടെക്സ്റ്റ് ബുക്ക് പ്രസ്സിൽ പോയി പ്രത്യേകമായി പരിശോധിക്കുകയും അവർക്കുവേണ്ട നിർദേശങ്ങളും നൽകുകയും ചെയ്തിട്ടുണ്ട്. തൃക്കാക്കര പ്രസ്സിലെ ആളുകളും ഗവൺമെന്റുമായി നടത്തിയ ചർച്ചകളിൽ ഇതിനുവേണ്ടി ഒരു ഷെഡ്യൂൾതന്നെ ഉണ്ടാക്കിയിട്ടുണ്ട്. അതനുസരിച്ച് ജൂൺമാസം 10-ാം തീയതിക്കുമുമ്പായി സകല പുസ്തകങ്ങളും പ്രിന്റ് ചെയ്ത് പുറത്തിറക്കാൻ കഴിയുമായിരുന്നു. അങ്ങനെ ഒരു ഷെഡ്യൂൾ ഉണ്ടാക്കുകയും അവരുമായി ഒരു ധാരണയിലെത്തുകയും ചെയ്തു. പെട്ടെന്നുതന്നെ അവിടെ മറ്റു പല സംഭവവികാസങ്ങളുമുണ്ടായി. അവിടത്തെ തൊഴിലാളികൾ ചില തൊഴിൽ പ്രശ്നങ്ങൾ ഉന്നയിച്ചു. അതിൻമേൽ ഒരു തീരുമാനമുണ്ടാക്കാൻ കഴിയാത്തതുകൊണ്ട് അവിടെ തടസ്സങ്ങൾ നേരിട്ടു. അങ്ങനെ ഗവൺമെന്റിന് ഒരിക്കലും പ്രതീക്ഷിക്കാൻ കഴിയാത്ത കാരണങ്ങളാൽ ആണ് അവിടെ തടസ്സം നേരിട്ടത്. അതല്ലാതെ ഗവൺമെന്റ് ഇക്കാര്യത്തിൽ യാതൊരു ആത്മാർത്ഥതക്കുറവും കാണിച്ചിട്ടില്ല. ആത്മാർത്ഥമായിത്തന്നെ ഇക്കാര്യത്തിൽ ശ്രമം നടത്തിയിട്ടുണ്ട്. എന്നിട്ടും ഇങ്ങനെ സംഭവിച്ചു. അത് ഉണ്ടാകാതിരിക്കാൻ വേണ്ടിയുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കയാണ്.

ശ്രീ. എം. ജിനദേവൻ: ആത്മാർത്ഥത കാണിച്ചിട്ടില്ലെന്ന് പറയുന്നില്ല. പക്ഷേ കാര്യഗൗരവത്തോടുകൂടി ഈ പ്രശ്നം ഗവൺമെന്റിന് ഏറ്റെടുത്തിട്ടില്ലയെന്നുള്ളതിനു തെളിവാണ് ഓർഡറുകളും മറ്റു കാര്യങ്ങളും ഏപ്രിൽ മാസത്തിനുമുമ്പ് പ്രിന്റ് ചെയ്ത് കിട്ടാതിരുന്നത്. അത് ശരിയല്ലേ? അതുപോലെ തന്നെ മാറ്റമില്ലാത്ത പുസ്തകങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

നേരത്തെതന്നെ അച്ചടിക്കാമായിരുന്നു. അതിനും നടപടികളും സ്വീകരിച്ചില്ല. ഇക്കാര്യം ഗവൺമെൻറ് ഉത്തരവാദിത്വത്തോടുകൂടി കാര്യഗൗരവത്തോടുകൂടി കൈകാര്യം ചെയ്തില്ലയെന്നകാര്യം നിഷേധിക്കാൻ കഴിയുമോ?

ശ്രീ. ടി. എം. ജേക്കബ്: കഴിഞ്ഞ അക്കാഡമിക് വർഷത്തിന്റെ ആദ്യംതന്നെ റീപ്രിൻറിംഗിനുള്ള ഓർഡർ കൊടുത്തു. അതായത് കഴിഞ്ഞ വർഷം ജൂണിൽ വർഷത്തിന്റെ ആരംഭത്തിൽതന്നെ കൊടുത്തിരിക്കുകയാണ്. അതുപോലെതന്നെ കയ്യെഴുത്തുപ്രതികളും സമയത്ത് കിട്ടുന്നതിന് അവരുമായി ഒരു ഷെഡ്യൂൾ തയ്യാറാക്കുകയും അതനുസരിച്ച് വർക്കുകൾ നടത്തുകയുമാണ് ചെയ്തത്. അവർക്ക് ബുദ്ധിമുട്ടുണ്ടെന്നു പറഞ്ഞത് രണ്ട് പുസ്തകങ്ങളാണ്. അത് പുറത്തുള്ള പ്രസ്സിൽ അച്ചടിക്കാൻ കൊടുത്തു. അത് അവർക്ക് സാധിക്കുകയില്ലെന്ന് രേഖാമൂലം എഴുതിത്തന്നതുകൊണ്ടാണ് പുറത്തുകൊടുത്തത്. അതുകൊണ്ട് തൃക്കാക്കര പ്രസ്സുമായി പൂർണ്ണമായ ധാരണയിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണ് കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോയിട്ടുള്ളത്.

ശ്രീ. ടി. കെ. അബ്ദു: ടെസ്റ്റുബുക്കുകളെല്ലാം അച്ചടിക്കുന്നത് എറണാകുളത്തെ തൃക്കാക്കരയിലാണ്. പക്ഷേ എറണാകുളം ജില്ലയിൽ 9-ാം സ്റ്റാൻഡേർഡിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ പത്തിന് രണ്ട് വിദ്യാർത്ഥികൾക്കുപോലും ബുക്ക് കിട്ടിയിട്ടില്ല. പരീക്ഷ നടന്നുകൊണ്ടിരിക്കുകയാണ്. സ്കൂൾ തുറന്ന ആ ആഴ്ചയിൽത്തന്നെ പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള കാശ് കുട്ടികൾ അദ്ധ്യാപകരെ ഏൽപ്പിക്കുകയും ചെയ്തു. അങ്ങനെ കാശ് വാങ്ങിയിട്ട് അവർക്ക് പുസ്തകമില്ല. എന്നാൽ പുസ്തകം അടിക്കാൻ ഗവൺമെൻറിനെകൊണ്ട് കഴിയുകയില്ലായെങ്കിൽ സിലബസ്സ് അദ്ധ്യാപകർക്ക് പറഞ്ഞുകൊടുത്തിരുന്നുവെങ്കിൽ അവർ അത് എഴുതി പഠിപ്പിക്കുമായിരുന്നു. വിദ്യാർത്ഥികളെ ഇത്ര കഷ്ടത്തിലാക്കി അവസാനം അവരുടെ സ്ഥിതി എന്താകും, അതിനെ സംബന്ധിച്ച് മന്ത്രിക്ക് എന്താണ് പറയാനുള്ളത്?

ശ്രീ. ടി. എം. ജേക്കബ്: ഞാൻ പറഞ്ഞു, 10-ാം ക്ലാസ്സിലെ പുസ്തകങ്ങൾ കിട്ടിയിട്ടില്ല എന്നുള്ള പരാതി വന്നിട്ടില്ല. ആറാം ക്ലാസ്സിലേയും ഒൻപതാം ക്ലാസ്സിലേയും മാറിയ പുസ്തകങ്ങളെ സംബന്ധിച്ചാണ് കിട്ടിയിട്ടില്ല എന്നുള്ള പരാതി വന്നിരിക്കുന്നത്. 10-ാം ക്ലാസ്സിൽ പഴയ സിലബസ് അനുസരിച്ചുള്ള പുസ്തകങ്ങളാണ് ഇപ്പോഴും പഠിപ്പിക്കുന്നത്. അതുകൊണ്ട് അവ റീപ്രിൻറ് മാത്രമാണ്, ആ റീപ്രിൻറ് നേരത്തെ നടത്തുകയും ചെയ്തിരുന്നു. കുഴപ്പം ഉണ്ടാകാത്ത നിലയിൽ, കുട്ടികൾക്കെല്ലാം പുസ്തകം കിട്ടത്തക്കനിലയിൽ ഇവ അവർക്ക് നൽകണമെന്നുള്ളതാണ് ഗവൺമെൻറിന്റെ ആഗ്രഹം. അതിനുവേണ്ടിയാണ് സാങ്കേതിക ബുദ്ധിമുട്ടാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. ഗവൺമെൻറിന്റെ നിയന്ത്രണത്തിന് അതീതമായി വന്ന ചില കാരണങ്ങളാലാണ്, ആ കാര്യത്തിൽ ഗവൺമെൻറിന് എന്ത് ചെയ്യാൻ കഴിയും?

ശ്രീ. ടി. കെ. അബ്ദു: എറണാകുളം ജില്ലയിൽ പ്രത്യേകിച്ച് പറവൂർ സെൻറ് അലോഷ്യസ് സ്കൂളിൽ 9-ാം സ്റ്റാൻഡേർഡിൽ പുസ്തകമില്ല. ഇത് ജില്ലാ അഡ്വൈസറി കമ്മിറ്റി മീറ്റിംഗിൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറ് സമ്മതിച്ചതുമാണ്. ഇന്നും അവിടെ പുസ്തകം വിതരണം ചെയ്തിട്ടില്ല. അതിനെപ്പറ്റി ഒരു അന്വേഷണം നടത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: അദ്ധ്യേഹം ആദ്യം പറഞ്ഞത് 10-ാം ക്ലാസ്സിലേതാണ്. 9-ാം ക്ലാസ്സിൽ അദ്ധ്യേഹം പറഞ്ഞ അഭിപ്രായം ശരിയായിരിക്കും. ഇത് കഴിയുന്നതും വേഗം എല്ലായിടത്തും എത്തിക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യാം.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: തമിഴ്, കന്നട ഭാഷകളിലെ പുസ്തകങ്ങളാണ് അച്ചടിക്കാൻ താമസം ഉണ്ടായത് എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. തമിഴ്, കന്നട ഭാഷകളിലെ പുസ്തകങ്ങൾ അച്ചടിപ്പിക്കാൻ നമ്മുടെ സംസ്ഥാനത്ത് എന്തെങ്കിലും സംവിധാനമുണ്ടോ? ഇല്ലെങ്കിൽ അത്തരത്തിലുള്ള ഒരു സംവിധാനം കൂടി ഏർപ്പെടുത്താൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: ഇപ്പോൾ നമുക്ക് ഉള്ള സംവിധാനങ്ങൾ വളരെ പരിമിതമാണ്. അടുത്ത വർഷം മുതൽ പുതിയൊരു സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. ഇപ്പോൾതന്നെ തമിഴ്, കന്നട പുസ്തകങ്ങൾ മദ്രാസിലും കർണ്ണാടക സ്റ്റേറ്റിലുമായിട്ടാണ് അച്ചടിക്കുന്നത്. അതിന് കോപ്പികൾ വളരെ കുറവാണ്. അടുത്ത വർഷം മുതൽ കാലതാമസം കൂടാതെ എത്തിക്കാൻ ശ്രമിക്കാം. 40,000 കോപ്പികളാണ് പ്രിൻറ് ചെയ്യേണ്ടത്. കാലതാമസം ഉണ്ടാകാതിരിക്കുന്നതിനുള്ള ഏർപ്പാടുകൾ പ്രത്യേകമായി ചെയ്യാം.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: കഴിഞ്ഞ വർഷവും മിക്കവാറും അദ്ധ്യയനവർഷം കഴിഞ്ഞ ശേഷമാണ് ബുക്കുകൾ അച്ചടിപ്പിച്ച് വിതരണം ചെയ്തതെന്ന് അദ്ധ്യാപകരുടെയും വിദ്യാർത്ഥിസംഘടനകളുടെയും ഭാഗത്തുനിന്ന് പരാതി ഉണ്ടായ സാഹചര്യത്തിൽ ഈ വർഷം മാറ്റം ഇല്ലാത്ത പുസ്തകങ്ങൾപോലും കൃത്യ സമയത്ത് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല എന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അത്രമാത്രം കാലതാമസം വരാനുള്ള കാരണമെന്താണ് എന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: ഞാൻ ആദ്യം ഇതിനെക്കുറിച്ച് പറഞ്ഞു. റീപ്രിൻറിനുവേണ്ട ഓർഡർ ഒരു അക്കാഡമിക് ഈയറിന്റെ ആദ്യംതന്നെ കൊടുക്കും. എന്നിട്ട് അടുത്ത കൊല്ലത്തേക്ക് മാറ്റം ഇല്ലാത്ത പുസ്തകങ്ങൾക്ക് ഈ ജൂൺമാസം തന്നെ ഓർഡർ കൊടുക്കും. അത് റീപ്രിൻറ് ചെയ്യേണ്ടത് പ്രസ്സ് ആണ്. അവർക്കുണ്ടായ ചില പ്രശ്നങ്ങൾ അവിടെ ഉണ്ടായ ചില തൊഴിൽ തർക്കങ്ങളും മറ്റു ചില തടസ്സങ്ങളും കൊണ്ട് അവർ ഉദ്ദേശിച്ച നിലയിൽ കാര്യങ്ങൾ തീർന്നില്ല. എന്തായാലും ഈ പ്രാവശ്യം അവരോട് ആവശ്യപ്പെട്ടിരിക്കുന്നത് കൃത്യമായി പുസ്തകങ്ങൾ അച്ചടിക്കാൻ കഴിയുമോ എന്നുള്ളത് ഇപ്പോൾ തന്നെ അറിയിക്കണം എന്നാണ്. എന്തെങ്കിലും കാരണവശാൽ അവർക്ക് സാധിക്കുകയില്ല എന്ന് പറഞ്ഞാൽ അത് മറ്റുള്ള പ്രസ്സുകളിൽനിന്ന് ടെൻഡർ വിളിച്ചുകൊണ്ട് അവർക്ക് കൊടുക്കണമെന്നാണ് ഗവൺമെന്റ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. അതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ഇ. കെ. നായനാർ: പുസ്തകങ്ങൾ കിട്ടാത്തത് ഇവിടെ മാത്രമല്ല, കർണ്ണാടകത്തിൽ പുസ്തകങ്ങൾ കിട്ടാത്തത് സംബന്ധിച്ച് കർണ്ണാടകാതിർത്തിയിൽ കർണ്ണാടക വേഴ്സസ് മലയാളം പ്രശ്നങ്ങൾ കുത്തിപ്പൊക്കി. അവിടെ കേരളത്തിലെ പുസ്തകങ്ങളും കിട്ടുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

കർണ്ണാടകത്തിലേതും കിട്ടുകയില്ല എന്ന് പറഞ്ഞ് സത്യാഗ്രഹവും ധർണയും ഒക്കെ വിഭാഗീയമായി നടക്കുന്നു. അതിന് ഈ മന്ത്രിയാണ് ഉത്തരവാദി. അപ്പുറത്താണെങ്കിൽ കിട്ടുന്നുമുണ്ട്. അവിടെ വിപുലമായ ധർണയും സിന്ദാബാദ് വിളിയും എല്ലാം നടക്കുന്നു. അതുകൊണ്ട് ഞങ്ങൾക്ക് കാസർകോട് അടക്കം ഞങ്ങളുടെ സ്ഥലം കർണ്ണാടകം—കിട്ടണം എന്ന് പറഞ്ഞുനടക്കുന്നു. ഇവിടെ വന്നാൽ പുസ്തകവും കിട്ടുകയില്ല പഠിപ്പും കിട്ടുകയില്ല. ഈ വിഭാഗീയത വളർത്താൻ ഉള്ള സാഹചര്യം മന്ത്രി ഉണ്ടാക്കുന്നതിനുള്ള ഒരു കാരണം പുസ്തകമില്ല എന്നുള്ളതാണ്. ഒരു വിഭാഗം പുസ്തകങ്ങൾ കുന്നംകുളത്ത് പ്രിൻറ് ചെയ്യാൻ കൊടുത്തു. അത് എത്രയെന്നറിയാൻ വേണ്ടിയാണ് ഞാൻ ചോദിക്കുന്നത്. അങ്ങനെ കൊടുത്തത് അവരുമായി ഒരു ധാരണയിലെത്തിയിട്ടല്ല, അത് അവിടത്തെ ജീവനക്കാർക്ക് അറിയാം; കമ്പോസ് ചെയ്യുന്നവർക്ക് അറിയാം. അതുപോലെതന്നെ അവരുടെ ബോണസ്സിനേറയും വേജസിനേറയുമൊക്കെ തർക്കങ്ങളുമുണ്ട്. ഇതൊക്കെ നോക്കാതെ വെറുതെ സംസാരിച്ചാൽ പുസ്തകം അച്ചടിച്ചുകിട്ടുമോ? ഇത് തീർക്കത്തക്കവിധത്തിലുള്ള നടപടികൾ സ്വീകരിക്കാതെ ഈ രാജ്യത്ത് മുഴുവൻ കുഴപ്പം ഉണ്ടാക്കാൻ വേണ്ടിയാണ് നിങ്ങൾ ശ്രമിക്കുന്നത്. അതുകൊണ്ട് ഇത് പരിഹരിക്കാൻ എന്തെങ്കിലും മാർഗ്ഗം സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: കന്നട പ്രശ്നത്തിൽ മഞ്ചേശ്വരം ഭാഗത്ത് ചില സമരങ്ങൾ ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട സുബ്ബറാവുതന്നെ എന്റെ ശ്രദ്ധയിൽ ഇക്കാര്യം പെടുത്തുകയുണ്ടായി. ആ പ്രശ്നങ്ങളിൽ ഗവൺമെൻറിന്റെ സമീപനമെന്താണ് എന്നുള്ളത് ഞാൻ എം. എൽ. എ. യോട് വിശദീകരിച്ചിരുന്നു. കളക്ടറോടും ഈ കാര്യം പറയുകയും അദ്ദേഹം സമരം നടത്തിയ ആളുകളുമായി ചർച്ച നടത്തുകയും ചെയ്തു. ഒരു കാര്യം എനിക്ക് ഉറപ്പിച്ചുപറയാൻ കഴിയും. ഭാഷാ ന്യൂനപക്ഷങ്ങൾക്ക് നമ്മുടെ സംസ്ഥാനം കൊടുക്കുന്നതുപോലെയുള്ള പരിഗണനയും അതുപോലെതന്നെ അവർക്ക് നൽകുന്ന പ്രത്യേകമായിട്ടുള്ള പരിപാലനവും മാറ് ഒരു സംസ്ഥാനവും നൽകുന്നില്ല. ഭാഷാന്യൂനപക്ഷങ്ങൾക്ക് അർഹമായിട്ടുള്ള എല്ലാ പരിഗണനയും കൊടുക്കുന്നുണ്ട്. ഈ പ്രാവശ്യം കന്നട മീഡിയത്തിലേയും തമിഴ് മീഡിയത്തിലേയും ചില പുസ്തകങ്ങൾ പ്രിൻറ് ചെയ്യാൻ കഴിഞ്ഞില്ല, അതിനകത്ത് ഒരു കുറ്റബോധം ഗവൺമെൻറിനുണ്ട്. ഇത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയാണ്. അദ്ദേഹം പറഞ്ഞ മറെറാരു സംഗതി—കുന്നംകുളത്ത് ഒരു പുസ്തകവും പ്രിൻറ് ചെയ്യാൻ കൊടുത്തിട്ടില്ല—അങ്ങയെ ആരോ തെറ്റിദ്ധരിപ്പിച്ചതാണ്. ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് ഈ സഭയിൽ വച്ചല്ലേ പറയുന്നത് കുന്നംകുളത്ത് ഒരു പുസ്തകവും പ്രിൻറ് ചെയ്യാൻ കൊടുത്തിട്ടില്ല.

ശ്രീ. കെ. കെ. തോമസ്: തമിഴ് മീഡിയം ടി. ടി. സി. കോഴ്സിന് സിലബസ് അനുസരിച്ചുള്ള പാഠപുസ്തകങ്ങൾ തയ്യാറാക്കിയിട്ടില്ല. പാലക്കാട് ട്രെയിനിംഗ് സ്കൂളിൽനിന്ന് കൊടുക്കുന്ന നോട്ടുകൊണ്ട് ആണ് മാറ് തമിഴ് മീഡിയം ട്രെയിനിംഗ് സ്കൂളുകളിൽ പഠിപ്പിക്കുന്നത്. അത് പരിശോധിച്ച് തമിഴ് മീഡിയം ടി. ടി. സി. കോഴ്സിന് സിലബസ് അനുസരിച്ചുള്ള പാഠപുസ്തകം തയ്യാറാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: അതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ലോനപ്പൻ നമ്പാടൻ: സ്കൂൾ തുറന്ന് മൂന്നുമാസം കഴിഞ്ഞിട്ടും വിദ്യാർത്ഥികൾക്ക് ആവശ്യമായ പുസ്തകങ്ങൾ ലഭിച്ചിട്ടില്ല. കിട്ടിയ പുസ്തകങ്ങളിൽതന്നെ മുഴുവൻ തെറ്റാണ്. 5-ാം സ്റ്റാൻഡേർഡിലെ പിഞ്ചുകുട്ടികൾക്ക് പഠിക്കാനുള്ള ഈ പഞ്ചാബ് മോഡൽ ദേശീയ പതാക അവഹേളനാപരമാണ്. ഇത് മാറ്റണം. 6-ാം സ്റ്റാൻഡേർഡിലെ സാമൂഹ്യശാസ്ത്രത്തിൽ വർണ്ണശബളമായ ആഘോഷങ്ങളുടെയും ഉത്സവങ്ങളുടെയും കൂട്ടത്തിൽ ഉൾപ്പെടുത്തി കൃസ്ത്യാനികൾ ദുഃഖവെള്ളിയാഴ്ച വിശേഷ ദിവസമായി ആഘോഷിക്കുന്നു എന്ന് കൊടുത്തിട്ടുള്ളത് മാറ്റാൻ ഒരു കൃസ്ത്യാനികൂടിയായ വിദ്യാഭ്യാസമന്ത്രി തയ്യാറാകുമോ?

ശ്രീ. ടി. എം. ജേക്കബ്: കൃസ്ത്യാനിയായതുകൊണ്ട് നടപടി എടുക്കണമെന്നില്ല. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച പോരായ്മകൾ ഉണ്ടെങ്കിൽ അതിന് തീർച്ചയായും നടപടികളെടുക്കുന്നതാണ്. ഞാൻ അത് ഇപ്പോൾ കണ്ടു. ബഹുമാനപ്പെട്ട നമ്പാടൻ മാസ്റ്റർ എഴുതിയ പത്രാധിപകർക്കുള്ള കത്തും കണ്ടു. ഞാൻ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെട്ടു, അവർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അവർ ഇത് പ്രത്യേകമായി പരിശോധിക്കുന്നുണ്ട്. സാധാരണ പ്രിന്റിംഗ് മിസ്റ്റേക്ക് വരാം. ഇതിനകത്ത് ഒരു തർക്കവിഷയത്തിന്റെ ആവശ്യം ഇല്ല. നമ്മുടെ കുട്ടികളിൽ ദേശീയസ്നേഹവും അതുപോലെതന്നെ രാജ്യതാത്പര്യവും വളർത്തികൊണ്ടുവരേണ്ടതാവശ്യമാണ്. നാഷണൽ ഫ്ളാഗിൽ ഒരു പോരായ്മ ഉണ്ടെന്നുള്ളത് ചൂണ്ടിക്കാണിച്ചു. അത് ഈ വർഷം പ്രിന്റ് ചെയ്ത ഒരു പുസ്തകമാണ്. തീർച്ചയായും അത് പരിഹരിച്ചുകൊണ്ട് അടുത്ത വർഷം ആ കുറവുകൾ പരിഹരിച്ചുകൊണ്ട് പുസ്തകങ്ങൾ ഇറക്കുകയും എന്തെങ്കിലും വീഴ്ച ആ കാര്യത്തിൽ ഉണ്ടായിട്ടുണ്ടെങ്കിൽ ആ കാര്യത്തിൽ നടപടികൾ സ്വീകരിക്കുകയും ചെയ്യാം.

Dr. A. Subba Rao : Sir, the Minister told that all considerations are being given for the linguistic minorities here. Last year there was an undue delay in the introduction of Kannada text-books and I had brought it to the notice of the Minister. That was supplied only in October. Now this year also all the text-books except 'Arogyavijnana' for the 9th Standard has not been distributed so far; not even for the 1st standard or the 6th Standard. Also for the 9th Standard not even a single book has been distributed, for the linguistic minorities there. And he says that he has got special consideration for the linguistic minorities!

If the Government is not in a position to prepare the text-books in time, what was the necessity for the Government to change the text-books and introduce the new syllabus and other things since they are not prepared and they are not in a capacity to print the books ?

ശ്രീ. ടി. എം. ജേക്കബ്: സർ, അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിച്ചത് പ്രിന്റ് ചെയ്ത ചില പുസ്തകങ്ങൾ വിതരണം ചെയ്തിട്ടില്ല എന്നതാണ്. നേരത്തെ വിതരണംചെയ്യാനുള്ള ഏർപ്പാടുകൾ ചെയ്തിരുന്നു. ബഹുമാനപ്പെട്ട മെമ്പർതന്നെ എന്റെ ശ്രദ്ധയിൽ ഈ കാര്യം പെടുത്തുകയുണ്ടായി. അതിനുശേഷം എന്താണ് സംഭവിച്ചതെന്ന് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷിച്ചു. അപ്പോൾ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് ഇടയ്ക്ക് ഉണ്ടായ സമരകാലത്ത് പാഠപുസ്തകങ്ങൾ വിതരണംചെയ്യാൻ അവർക്ക് സാധിച്ചിട്ടില്ല എന്നതാണ്. എന്തായിരുന്നാലും സമരം കഴിഞ്ഞതിനു ശേഷം പ്രിന്റ് ചെയ്ത പുസ്തകങ്ങളെല്ലാം പ്രത്യേകമായിട്ട് വിതരണം ചെയ്യാനുള്ള ഏർപ്പാട് ചെയ്തു. സമരം കഴിഞ്ഞതിനു ശേഷം ആദ്യമായി ചെയ്തത് കന്നടയിൽ പ്രിന്റുചെയ്ത പുസ്തകങ്ങൾ വടക്കൻ ഭാഗങ്ങളിലേക്ക് അയയ്ക്കുകയാണ്. എന്തായാലും ഇനി ഇതു പോലുള്ള കാലതാമസം ഉണ്ടാകാതിരിക്കാൻ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ എല്ലാ വികാരങ്ങളും ഉൾക്കൊള്ളുന്നു. ഇതിന് യാതൊരു വിട്ടുവീഴ്ചയും വരാതെ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: തൃക്കാക്കര പ്രസ്സിന്റെ അച്ചടിക്കുള്ള ശേഷി വളരെ വലുതാണെന്നും ആധുനിക യന്ത്ര സാമഗ്രികൾ ഉൾക്കൊള്ളുന്നതാണ് ആ പ്രസ്സ് എന്നും അതിന്റെ ബയൻറിംഗ് സെക്ഷനിൽ മാത്രമായിരുന്നു കുഴപ്പം ഉണ്ടായിരുന്നതെന്നും അതും ആധുനീകരിച്ചിട്ടുള്ള സാഹചര്യത്തിൽ കേടിക്കണക്കിന് പുസ്തകങ്ങൾ എപ്പോൾ വേണമെങ്കിലും നിശ്ചിത സമയത്തിനുള്ളിൽ അച്ചടിക്കാനുള്ള കഴിവ് ഉണ്ടെന്നും ഇരിക്കേ, പ്രിന്റിംഗ് & സ്റ്റേഷനറി ഡിപ്പാർട്ടുമെൻറുമായിട്ടുള്ള ധാരണക്കുറവുകൊണ്ടല്ലേ ഈ കുഴപ്പം ഉണ്ടായിട്ടുള്ളത്? എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറ് പ്രിന്റിംഗ് ആൻറ് സ്റ്റേഷനറി ഡിപ്പാർട്ടുമെൻറുമായിട്ട് സഹകരിച്ചിട്ടുള്ള കാലങ്ങളിൽ 1980-ലും 81-ലും പുസ്തകങ്ങൾ നേരത്തെ അച്ചടിച്ച് വിതരണം ചെയ്തിരുന്നുവെന്ന വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? എന്തുകൊണ്ടാണ് പ്രിൻറിംഗ് ആൻറ് സ്റ്റേഷനറി ഡിപ്പാർട്ടുമെൻറിന്റെ ധാരണയുമായി ഈ പുസ്തകങ്ങൾ അച്ചടിക്കാൻ കഴിയാതെ പോകുന്നത്? ആന്ധ്രാ ഗവൺമെൻറിന്റെ പുസ്തകങ്ങൾ പോലും അച്ചടിക്കാൻ ആ പ്രസ്സിന് കഴിയുമായിരുന്നുവെന്നുള്ളതും അതിന് ധാരണയുണ്ടാക്കിയിട്ടുള്ളതും ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: ഇതിൽ ധാരണപ്പിശകില്ല. പരസ്പര ധാരണയോടുകൂടിയാണ് ഈ കാര്യങ്ങൾ ചെയ്തിട്ടുള്ളത്. പ്രത്യേകിച്ചും തൃക്കാക്കര പ്രസ്സിന്റെയും ഹയർ എഡ്യൂക്കേഷന്റെയും സെക്രട്ടറി ഒരാൾ തന്നെയാണ്. അദ്ദേഹത്തിന്റെകൂടി ഉത്തരവാദിത്വത്തിലാണ് ചർച്ച നടത്തിയത്. അവിടത്തെ കപ്പാസിറ്റിക്ക് അനുസരിച്ചുള്ള കാര്യങ്ങൾ ചെയ്യാമെന്ന് അവർ പറഞ്ഞു. അതിനുവേണ്ടി ഞങ്ങൾ ടൈം ഷെഡ്യൂൾ തയ്യാറാക്കിയതാണ്. ടൈം ഷെഡ്യൂൾ അനുസരിച്ച് കാര്യങ്ങൾ നീങ്ങുന്നില്ല. അങ്ങനെ നീങ്ങാതെ വന്നത് ഞാൻ ആദ്യം സൂചിപ്പിച്ച ചില കാരണങ്ങളാലാണ്. അവിടെ ചില തർക്കങ്ങളുണ്ടായിരുന്നു. ബൈൻറിംഗ് സെക്ഷനിൽ തന്നെ ഒരു തർക്കമുണ്ടായാൽ പുസ്തകങ്ങൾ പുറത്തിറങ്ങാൻ താമസിക്കും. പല സെക്ഷനുകളിൽ പലതരത്തിലുള്ള കുഴപ്പങ്ങളുണ്ടായി. ആ പ്രശ്നങ്ങൾ ഇക്കഴിഞ്ഞ ദിവസങ്ങളിൽ യൂണിയനുകളുടെ നേതാക്കളുമായി നടത്തിയ ചർച്ചയിൽ പരിഹരിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ടു തന്നെ ഭംഗിയായിട്ട് കാര്യങ്ങൾ പോകുമെന്നാണ് പ്രതീക്ഷിക്കുന്നത്. അടുത്ത വർഷത്തേക്ക് അഡ്വാൻസായിട്ടുള്ള ടൈം ഷെഡ്യൂൾ ഞങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. അതിന്റെയകത്ത് കുറച്ചു സമയംകൂടി ഇട്ടുകൊണ്ട്, അവർ പറയുന്ന സമയത്തേക്കാൾ കൂടുതൽ സമയം ഇട്ടുകൊണ്ടാണ് ടൈം ഷെഡ്യൂൾ ഉണ്ടാക്കുന്നത്. അതുകൊണ്ട് കാലതാമസം ഒഴിവാക്കാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ചന്ദ്രശേഖരൻ: ഏതെങ്കിലും പ്രൈവറ്റ് പ്രസ്സിൽ പുസ്തകങ്ങൾ പ്രിൻറുചെയ്യാൻ ഇതുവരെ കൊടുത്തിട്ടുണ്ടോ; ഇനി അത് കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: പ്രൈവറ്റ് പ്രസ്സിൽ പ്രിൻറുചെയ്യാൻ കൊടുത്തിട്ടുണ്ട്. തൃക്കാക്കര പ്രസ്സിൽ അവർക്ക് അടിയ്ക്കാൻ കഴിയുകയില്ല എന്നു പറഞ്ഞ രണ്ടു പുസ്തകങ്ങളിൽ ഒന്ന് ശിവകാശിയിലുള്ള പ്രസ്സിലും, മദ്രാസിൽ ഒരു പ്രസ്സിലും അയച്ചുകൊടുത്തിട്ടുണ്ട്. ടെണ്ടർ വിളിച്ച് അതിൽ ഏറ്റവും മിനിമം ആയിട്ട് ടെണ്ടർ കോട്ട് ചെയ്ത ആളുകൾക്കാണ് കൊടുത്തിട്ടുള്ളത്. ഈ പ്രാവശ്യം തൃക്കാക്കര പ്രസ്സിൽ അച്ചടിക്കാൻ കഴിയുമോയെന്ന് അവരുമായിട്ട് ചർച്ച ചെയ്തു അവർക്ക് അടിക്കാൻ കഴിയുകയില്ല എന്ന് തൃക്കാക്കര പ്രസ്സ് പറയുന്ന പുസ്തകങ്ങൾ ടെൻഡർ വിളിച്ച് പുറത്തുള്ള പ്രസ്സുകളെ ഏല്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. ബേബിജോൺ: അഞ്ചാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് പഠിക്കാൻവേണ്ടി ഉണ്ടാക്കിയ പാഠപുസ്തകങ്ങളിൽ ദേശീയ പതാക കോട്ട് ചെയ്തിട്ടുള്ള രീതിയെപ്പറ്റി മുഖ്യമന്ത്രി എന്തുപറയുന്നു?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ആവശ്യമായ തിരുത്തലുകളും നടപടികളും സ്വീകരിക്കാമെന്നാണ്. മതവികാരങ്ങളെ പ്രകോപിപ്പിക്കുക, ദേശീയ വിശ്വാസത്തിന് കോട്ടം തട്ടിക്കുക, ദേശീയ പതാകയെ അപമാനിക്കുക മുതലായവയൊന്നും അനുവദിക്കുകയില്ല എന്നുള്ളതാണ് ഗവൺമെൻറിൻറെ നയം. ഉണ്ടെങ്കിൽ അത് തിരുത്താമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുണ്ട്.

ശ്രീ. ജി. വരദൻ: தமிழ் படிக்கக்கூடிய மாணவர்கள் அதிகமாக இருந்தும் தமிழ் புத்தகங்களை அச்சடிப்பதில் இவ்வளவு காலதாமதம் ஏற்படுகிறது என்றால் இந்த சர்க்கார் தமிழர்களை அதாவது அவர்களுடைய உரிமைகளை பறித்துக் கொண்டிருக்கிறதா என்று கேட்கிறேன்?

ശ്രീ. ടി. എം. ജേക്കബ്: അങ്ങനെ ബഹുമാനപ്പെട്ട മെമ്പർ അഭിപ്രായപ്പെടുന്നതു ശരിയല്ല. ചില പോരായ്മകളും ഉണ്ടായിട്ടുണ്ട്. അത് പരിഹരിക്കാനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്.

ശ്രീ. പി. സി. ജോർജ്ജ്: ഒന്നാം പാഠപുസ്തകത്തിൽ നായനാരുടെ കാലത്ത് അമ്മയുടെ സ്ഥാനത്ത് അരിവാളായിരുന്നു ഉപയോഗിച്ചിരുന്നത്. ഇപ്പോൾ അരിവാൾ മാറി അറയാക്കി. അത് എന്നത്തേക്ക് അമ്മയിലേക്ക് മടങ്ങിവരും?

ശ്രീ. ടി. എം. ജേക്കബ്: ഒന്നാം പാഠപുസ്തകത്തിൽ അമ്മയും കുട്ടിയും ഉണ്ട്. അതിനു താഴെ അമ്മ എന്നെഴുതിയിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. സി. കബീർ: പാഠപുസ്തകങ്ങൾ കുറഞ്ഞവിലയ്ക്ക് കൊടുക്കാൻവേണ്ടി ഗവൺമെന്റ് ഒരു കോടി രൂപ സബ്സിഡൈസ് ചെയ്തുവെന്നു പറഞ്ഞു. ആ അടിസ്ഥാനത്തിൽ നോട്ടുപുസ്തകങ്ങൾ ഉണ്ടാക്കാൻ കടലാസുകൾ അതാതു സ്കൂളുകൾക്ക് വിതരണംചെയ്തു. ചില സ്വകാര്യ സ്കൂളുകളിൽ നോട്ടുപുസ്തകങ്ങൾ ഉണ്ടാക്കിയതിന്റെ അടിസ്ഥാനത്തിൽ നൂറു പേജുള്ള പുസ്തകത്തിൽ 80 പേജാണുള്ളത്. അതിനെ സംബന്ധിച്ച് സംസ്ഥാനത്ത് എത്ര പരാതികൾ കിട്ടിയിട്ടുണ്ട്; എത്തെല്ലാം സ്കൂളുകളിൽ അന്വേഷണം നടത്തി; എത്തെല്ലാം അദ്ധ്യാപകരുടെ പേരിൽ നടപടി എടുത്തു; വല്ല പരാതിയും എം. എൽ. എ. മാർ രേഖാമൂലം തന്നിട്ടുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: വളരെ വിശദമായ ചോദ്യമാണ്. എത്ര പേരുടെ പേരിൽ നടപടിയെടുത്തു, എത്ര പരാതി കിട്ടി എന്നു ചോദിച്ചാൽ എനിക്ക് ഓർമ്മയില്ല. പരാതി കിട്ടിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. ഒ. ഭരതൻ: കർണ്ണാടക പ്രദേശത്ത് പാഠപുസ്തകങ്ങൾ കിട്ടാത്തതുകൊണ്ട് ഉണ്ടായിട്ടുള്ള വികാരങ്ങൾ പ്രതിപക്ഷ നേതാവ് പറഞ്ഞു. അത്തരം വികാരങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി ഭാഷാ ന്യൂനപക്ഷങ്ങളുടെ പുസ്തകങ്ങൾ ഒന്നായിട്ട് അച്ചടിച്ച് കിട്ടുന്നില്ല എങ്കിൽ രണ്ടു മൂന്നു മാസക്കാലത്തേക്ക് ആവശ്യമായിട്ടുള്ള പുസ്തകങ്ങൾ ഖണ്ഡശ അച്ചടിച്ച് വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: ഖണ്ഡശ അടിയ്ക്കേണ്ട കാര്യമില്ല. ആകെ നാല്പതിനായിരമാണുള്ളത്. അത് ഒന്നിച്ച് അടിച്ചുകൊടുക്കാം.

റോഡുകളുടെ അറ്റകുറ്റപ്പണികൾ

*28 [32] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്:
,, എം. വി. രാഘവൻ:
,, കെ. പി. അരവിന്ദാക്ഷൻ:
,, സി. കെ. തങ്കപ്പൻ:
,, ടി. കെ. ആറുമുഖൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ കാലവർഷത്തിന്റെയും വെള്ളപ്പൊക്കത്തിന്റെയും കെടുതിമൂലം സംസ്ഥാനത്തെ റോഡുകൾക്കുണ്ടായ കേടുപാടുകൾ തീർക്കാൻ എന്തു തുകയാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്;

(ബി) അനുവദിച്ച തുകയിൽ ഓരോ ജില്ലയ്ക്കും മാറ്റിവച്ചിട്ടുള്ള സംഖ്യ എത്രവീതമാണ്;

(സി) അറ്റകുറ്റപ്പണികൾ നടത്തുന്നതിൽ വൻതോതിൽ അഴിമതിയും ക്രമക്കേടും നടക്കുന്നതായി ആരോപണങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷിക്കുന്നതിനും അറ്റകുറ്റപ്പണികൾ ക്രമക്കേടുകൾ കൂടാതെ നടത്തുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly